"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരള സംസ്ഥാനം)**

**ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം**

**നാല് & അഞ്ചാം നില, തൊഴിൽ ഭവൻ,**

**വികാസ് ഭവൻ. പി. ഒ. തിരുവനന്തപുരം- 695033.**

നമ്പര്: **DT/3063/2024-B1** തീയതി: **12-11-2025**

പ്രേഷിതൻ
ട്രെയിനിംഗ് ഡയറക്ടർ
സ്വീകർത്താവ്
വകുപ്പിൻ കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും

സർ,

വിഷയം:- വ്യവസായിക പരിശീലന വകുപ്പ് – അക്കൗണ്ട്സ് വിഭാഗം – **2025-26** സാമ്പത്തിക വർഷത്തിലെ ഓൺലൈൻ റിക്കൺസിലേഷൻ പ്രതിമാസം നടത്തുന്നത് **- 4/2025, 5/2025 എന്നീ മാസങ്ങളിലെ AG statement ഒരിക്കൽ കൂടി പരിശോധിക്കുന്നതിനായി ഈ കാര്യാലയത്തിലെ SCO ലോഗിൻ -യിൽ നിന്നും തിരികെ അയച്ചത്-** മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ചു

സൂചന:- **1) Finance Inspection (NT-K) Department** -യിൽ നിന്നുള്ള **12.06.2025** തീയതിയിലെ **3053401-1WK1/4/2024-Fin** നമ്പരായ സർക്കാർ കത്ത്.

**2)** ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ആയ **28.6.2025, 17.09.2025, 22.102025** തീയതികളിലെ സർക്കുലറുകൾ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **2025-26** സാമ്പത്തിക വർഷത്തെ സ്ഥാപനത്തിലെ വരവ് ചെലവു കണക്കുകൾ പ്രതിമാസാടിസ്ഥാനത്തിൽ എ.ജി.-യുടെ കണക്കുമായി ഒത്തു നോക്കി **100%** റിക്കൺസിലിയേഷൻ നടത്തുന്നത് സംബന്ധിച്ചു ചുവടെപ്പറയുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1.** വകുപ്പിൻ കീഴിലെ അൻപതോളം സ്ഥാപനങ്ങളിൽ **ഏപ്രിൽ 2025 മാസത്തെ** എ.ജി

സ്റ്റേറ്റ്മെന്റിൽ അപാകതയുള്ള വിവരം രേഖാമൂലം അറിയിച്ചിരുന്നു. ടി സ്ഥാപങ്ങളിൽ പലതും സ്റ്റേറ്റ്മെന്റിൽ അപാകതയുള്ള വിവരം ശ്രദ്ധയിൽപ്പെടാതെ accept ചെയ്ത് പോയതാണ്. ഈ സാഹചര്യത്തിൽ ഏപ്രിൽ,മേയ്-2025 മാസങ്ങളിലെ എ.ജി സ്റ്റേറ്റ്മെന്റ് **ഒരിക്കൽ കൂടി വ്യക്തമായി പരിശോധിക്കുന്നതിന്** ഈ കാര്യാലയത്തിലെ SCO ലോഗിൻ -യിൽ നിന്നും തിരികെ അയക്കുന്നു. ആയതിനാൽ എല്ലാ സ്ഥാപങ്ങളും KSEMP സൈറ്റിൽ കയറി ഏപ്രിൽ,മേയ്, ജൂൺ 2025 മാസങ്ങളിലെ എ.ജി സ്റ്റേറ്റ്മെന്റു ഒരിക്കൽ കൂടി വ്യക്തമായി പരിശോധിക്കേണ്ടതും അപാകതയുണ്ടെങ്കിൽ .എ.ജി.യുടെ സൈറ്റിൽ ആയതിന്റെ കാരണം കാണിച്ചു കൊണ്ട് reject ചെയ്യേണ്ടതുമാണ്. SCO -ക്ക് ലഭിക്കുന്ന reject ചെയ്ത സ്റ്റേറ്റ്മെന്റ് ഈ കാര്യാലയത്തിൽ നിന്നും SCO, CCO എന്നീ ലോഗിനിൽ നിന്നും reject ചെയ്യുന്നതായിരിക്കും.

(Eg. DDO, SCO, CCO codes are mismatched .Hence rejected
All bills are not included hence rejected,
The Head of account is not correct hence rejected etc)

**2 .AG-യുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഏപ്രിൽ 2025, മേയ് 2025, ജൂൺ 2025 എന്നീ മാസങ്ങളിലെ വരവ് ചെലവു കണക്കുകൾ എ.ജി.-യുടെ കണക്കുമായി ഒരിക്കൽ കൂടി ഒത്തു നോക്കി 100% റിക്കൻസിലിയേഷൻ നടത്തി ശരിയായവ Accept ചെയ്യുകയും പിശകുള്ളവ Reasons കാണിച്ചുകൊണ്ട് reject ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ റിക്കൻസിലിയേഷൻ നടപടികൾ എല്ലാ സ്ഥാപനങ്ങളിലും 14.11.2025 5 പി. എം -നകം പൂർത്തീകരിക്കേണ്ടതാണ്**

(DDO, SCO, ,CCO കോഡുകൾ, തുക മാറിയ തീയതി, മാറിയ തുക, ശീർഷകം എന്നിവ ഒരിക്കൽ കൂടി വ്യക്തമായി പരിശോധിക്കേണ്ടതാണ്).

**3. സ്ഥാപനത്തിലെ ചെലവ് പട്ടിക AG യുടെ ചെലവ് പട്ടികയുമായി ഒരിക്കൽ കൂടി പരിശോധിക്കാതെ accept ചെയ്താൽ സ്ഥാപന മേധാവി മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം അറിയിക്കുന്നു.**

4 ..എ.ജി. സ്റ്റേറ്റ്മെന്റിൽ DDO -യുടെ DESIGNATION PRINCIPAL CLASS.11 എന്നതിന് പകരം പ്രിൻസിപ്പാൾ CLASS 1 എന്ന് രേഖപ്പെടുത്തിയാൽ ആയതു തെറ്റായി പരിഗണിക്കേണ്ടതില്ല.

**5. DT/3063/2025- B1 നമ്പർ 22.10.2025** തീയതിയിലെ ചുറ്ററിയിപ്പിലെ നിർദേശ പ്രകാരം ഏപ്രിൽ, മേയ്, ജൂൺ **2025** മാസങ്ങളിലെ സ്ഥാപനത്തിലെ ചെലവ് പട്ടിക AG യുടെ ചെലവ് പട്ടികയുമായി പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് തുലനപ്പെടുത്തി ACCEPT ചെയ്തിട്ടുണ്ട് എന്ന നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് പല സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റു **ഹാജരാക്കാത്ത സ്ഥാപനങ്ങൾ മാത്രം** ചുവടെ ചേർക്കും പ്രകാരം നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

വിശ്വസ്തതയോടെ

**GANGA S S**

**സീനിയർ ഫിനാൻസ് ഓഫീസർ**

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സർട്ടിഫിക്കറ്റ് മാതൃക**

ഐ.ടി.ഐ. യുടെ പേര് :

ഡി.ഡി.ഒ കോഡ് :

ജില്ല :

സീനിയർ ഫിനാൻസ് ഓഫീസറുടെ **22.10.2025 ലെ ഡിറ്റി/3063/2025-ബി1** നമ്പർ ചുറ്ററിയിപ്പ് പ്രകാരം ഈ സ്ഥാപനത്തിന്റെ **2025-26** സാമ്പത്തിക വർഷത്തെ ഏപ്രിൽ /മേയ്, ജൂൺ മാസത്തെ ഓൺലൈൻ റിക്കൺസിലിയേഷൻ നടപടികൾ **ksemp.ager.cag.gov.in** എന്ന പോർട്ടലിൽ സ്ഥാപനത്തിലെ ചെലവ് പട്ടിക **AG** യുടെ ചെലവ് പട്ടികയുമായി **ഒരിക്കൽ കൂടി വ്യക്തമായി** പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് തുലനപ്പെടുത്തി **ACCEPT** ചെയ്തിട്ടുണ്ട്.

സ്ഥലം :

തീയതി : ഡി.ഡി.ഒ / സ്ഥാപന മേധാവി

Signed by Ganga S S
Date: 12-11-2025 11:25:37